**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4439** **19-07-2022 - ൽ മറുപടിയ്ക്ക്**

**പഠനമുറി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന 'പഠനമുറി' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പഠനമുറി പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവൺമെന്റ്/എയ്ഡഡ്/ സ്പെഷ്യൽ/ ടെക്നിക്കൽ സ്കൂളുകളിലെയും കേന്ദ്രീയ വിദ്യാലയങ്ങളിലെയും 8,9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ള വാസയോഗ്യമായ വീടുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന സൌകര്യമൊരുക്കുന്നതിനായി 120 ചതുരശ്ര അടി വിസ്തൃതിയുള്ള പഠനമുറി അനുബന്ധ സൌകര്യങ്ങളോടെ നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകുന്നു. പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിന് കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപവരെയായിരിക്കണം. ഗ്രാമസഭാ ലിസ്റ്റിൽ നിന്നുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക. നിർമ്മാണ പുരോഗതിക്കനുസരിച്ച് 4 ഗഡുക്കളായി ധനസഹായം ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു. |
| (ബി) | പഠനമുറി പദ്ധതി പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇതുവരെയായി എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | 136 പേർക്ക് 2,72,00,000/-(രണ്ട് കോടി എഴുപത്തി രണ്ട് ലക്ഷം രൂപ മാത്രം) രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ